**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1005** **18-09-2025 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന വകുപ്പുതല പരീക്ഷകൾ പാസാകാത്തവർക്ക് വനം വകുപ്പിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നീക്കം നടക്കുന്നതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതിനായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ നിന്നും നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | (എ) | ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് അവശ്യ യോഗ്യതയായി വകുപ്പുതല പരീക്ഷകളായ Forest Test for Clerical and Protective Staff, Manual of Office procedure എന്നിവ പാസ്സാകണമെന്ന്, 30-08-2010 പ്രാബല്യത്തോടെ ഭേദഗതി ചെയ്യപ്പെട്ട 2014 - ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നു. ടി ചട്ടങ്ങളിൽ, റൂൾ 2, സബ് റൂൾ (11) ആയി ഒരു സേവിംഗ് ക്ലോസ് ചേർത്തിരുന്നു. പ്രസ്തുത സേവിംഗ് ക്ലോസ് പ്രകാരം 30-08-2010 - ന് മുൻപ് നിയമനം ലഭിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് വകുപ്പുതല യോഗ്യതാ പരീക്ഷകൾ പാസ്സാകേണ്ടതില്ല എന്ന വ്യാഖ്യാനത്തിൽ പ്രൊമോഷൻ അനുവദിക്കുകയുണ്ടായി.<br><br>സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചിത യോഗ്യതകൾ ഇല്ലാത്ത ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുള്ള നടപടികൾ സെൻട്രൽ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സ്വീകരിക്കുന്നതായി കാണിച്ച് ശ്രീ.പ്രമോദ് എ.ഡി, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA(EKM) 1095/2022 -നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. 2014 - ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ സേവിംഗ് ക്ലോസ് ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയായ രീതിയിൽ അല്ലെന്നും, ടെസ്റ്റ് യോഗ്യതകൾ നേടാത്തവർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് |

കൺസർവേറ്ററുടെ 05-08-2022 തീയതിയിലെ നടപടിക്രമം നിയമപരമല്ലെന്നും 01-12-2023 ലെ ഉത്തരവിൽ ബഹു.ട്രിബ്യൂണൽ വ്യക്തമാക്കുകയുണ്ടായി.

സ്ഥാനക്കയറ്റത്തിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ നേടുന്നതിൽ നിന്ന് ഒരു വിഭാഗം ഉദ്യോഗസ്ഥരെ പൊതു താത്പര്യം മുൻ നിർത്തി ഒഴിവാക്കുന്നത് സർക്കാരിന് പരിഗണിക്കാവുന്നതാണെന്ന് ബഹു.ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷനുകളിൽ പുറപ്പെടുവിച്ച 13-11-2024 - തീയതിയിലെ വിധിന്യായത്തിൽ ബഹു.കേരള ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. ടി വിഷയത്തിൽ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനുകളിലെ വിധിന്യായത്തിലും, ഏതെങ്കിലും വിഭാഗം ഉദ്യോഗസ്ഥരെ സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി നിശ്ചിത യോഗ്യത ആർജ്ജിക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പൊതുതാൽപര്യാർത്ഥം കെ.എസ് & എസ്.എസ്.ആർ ഭാഗം ഭാഗം II, ചട്ടം 39 പ്രകാരം ഉള്ള അധികാരം വിനിയോഗിച്ച് സർക്കാരിന് പരിഗണിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

2014 - ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ സേവിങ് ക്ലോസിന്റെ വ്യാഖ്യാനം അടിസ്ഥാനമാക്കിയാണ് 30-08-2010 - ന് മുൻപായി നിയമനം ലഭിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചത്. ഇതിൽ ജീവനക്കാരുടെ ഭാഗത്ത് മനഃപൂർവ്വമായ വീഴ്ചകളോ, തെറ്റുകളോ സംഭവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, ജീവനക്കാരുടേതല്ലാത്ത കാരണത്താൽ, യോഗ്യതാ പരീക്ഷ പാസ്സാകേണ്ടതില്ല എന്ന വ്യാഖ്യാനം എടുത്ത് സ്ഥാനക്കയറ്റം അനുവദിച്ചവർക്ക് റിവർഷൻ വരാതെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടത് പൊതുതാൽപര്യാർത്ഥം ആവശ്യമാണെന്ന് സർക്കാർ കരുതുകയും, 1962 - ലെ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പി.എസ്.സി. വിജ്ഞാപനം പ്രകാരവും (direct recruitment), ബൈ ട്രാൻസ്ഫർ, ബൈ പ്രൊമോഷൻ മുഖേനയും 30-08-2010 - ന് മുൻപ് ബി.എഫ്.ഒ തസ്തികയിൽ നിയമനം ലഭിച്ചവർക്ക് ടെസ്റ്റ് യോഗ്യതയില്ലാതെ എസ്.എഫ്.ഒ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും, ടെസ്റ്റ് യോഗ്യത ഇല്ലാതെ 30-08-2010-നു ശേഷം എസ്.എഫ്.ഒ

| | | | |
|---|---|---|---|
| | | | തസ്തികയിലേയ്ക്ക് ഇതിനകം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ സംരക്ഷിക്കുന്നതിനുമായി, എസ്.എഫ്.ഒ. തസ്തികയിൽ സ്ഥാനക്കയറ്റത്തിനായി 2014 - ലെ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന അവശ്യ യോഗ്യതകളായ ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽ നിന്നും കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള സവിശേഷ അധികാരം ഉപയോഗിച്ച് ഇളവ് അനുവദിച്ചു കൊണ്ട് 01-08-2025 - ലെ സ.ഉ(സാധാ)നം.296/2025/വന പ്രകാരം ഉത്തരവാകുകയും ചെയ്തു.<br><br>01-08-2025 - ലെ സ.ഉ(സാധാ)നം.296/2025/വന ഉത്തരവിന് അനുസൃതമായി 2014 - ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നിർദിഷ്ട നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിശോധനയിലാണ്. |
| (ബി) | യോഗ്യതയുള്ളവർക്ക് സ്ഥാനക്കയറ്റം നിഷേധിക്കുന്ന രീതിയിൽ വനം വകുപ്പ് ആസ്ഥാനത്തെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉന്നത ഉദ്യോഗസ്ഥർ നിക്ഷിപ്ത താല്പര്യത്തോടെ പ്രവർത്തിക്കുന്നതായ ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ, സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച വിഷയത്തിൽ ഗൗരവതരമായ പരിശോധന നടത്തുവാൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് അവശ്യ യോഗ്യതയായി വകുപ്പുതല പരീക്ഷകളായ Forest Test for Clerical and Protective Staff, Manual of Office procedure എന്നിവ പാസ്സാകണമെന്ന്, 30-08-2010 പ്രാബല്യത്തോടെ ഭേദഗതി ചെയ്യപ്പെട്ട 2014 - ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരുന്നു. ടി ചട്ടങ്ങളിൽ, റൂൾ 2, സബ് റൂൾ (11) ആയി ഒരു സേവിംഗ് ക്ലോസ് ചേർത്തിരുന്നു. പ്രസ്തുത സേവിംഗ് ക്ലോസ് പ്രകാരം 30-08-2010 - ന് മുൻപ് നിയമനം ലഭിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് വകുപ്പുതല യോഗ്യതാ പരീക്ഷകൾ പാസ്സാകേണ്ടതില്ല എന്ന വ്യാഖ്യാനത്തിൽ പ്രൊമോഷൻ അനുവദിക്കുകയുണ്ടായി.<br><br>സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചിത യോഗ്യതകൾ ഇല്ലാത്ത ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുള്ള നടപടികൾ സെൻട്രൽ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സ്വീകരിക്കുന്നതായി കാണിച്ച് ശ്രീ.പ്രമോദ് എ.ഡി, |

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA(EKM) 1095/2022 -നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. 2014 - ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ സേവിംഗ് ക്ലോസ് ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയായ രീതിയിൽ അല്ലെന്നും, ടെസ്റ്റ് യോഗ്യതകൾ നേടാത്തവർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05-08-2022 തീയതിയിലെ നടപടിക്രമം നിയമപരമല്ലെന്നും 01-12-2023 ലെ ഉത്തരവിൽ ബഹു.ട്രിബ്യൂണൽ വ്യക്തമാക്കുകയുണ്ടായി.

സ്ഥാനക്കയറ്റത്തിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ നേടുന്നതിൽ നിന്ന് ഒരു വിഭാഗം ഉദ്യോഗസ്ഥരെ പൊതു താത്പര്യം മുൻ നിർത്തി ഒഴിവാക്കുന്നത് സർക്കാരിന് പരിഗണിക്കാവുന്നതാണെന്ന് ബഹു.ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷനുകളിൽ പുറപ്പെടുവിച്ച 13-11-2024 - തീയതിയിലെ വിധിന്യായത്തിൽ ബഹു.കേരള ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. ടി വിഷയത്തിൽ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനുകളിലെ വിധിന്യായത്തിലും, ഏതെങ്കിലും വിഭാഗം ഉദ്യോഗസ്ഥരെ സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി നിശ്ചിത യോഗ്യത ആർജ്ജിക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പൊതുതാൽപര്യാർത്ഥം കെ.എസ് & എസ്.എസ്.ആർ ഭാഗം ഭാഗം II, ചട്ടം 39 പ്രകാരം ഉള്ള അധികാരം വിനിയോഗിച്ച് സർക്കാരിന് പരിഗണിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

2014 - ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ സേവിങ് ക്ലോസിന്റെ വ്യാഖ്യാനം അടിസ്ഥാനമാക്കിയാണ് 30-08-2010 - ന് മുൻപായി നിയമനം ലഭിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചത്. ഇതിൽ ജീവനക്കാരുടെ ഭാഗത്ത് മനഃപൂർവ്വമായ വീഴ്ചകളോ, തെറ്റുകളോ സംഭവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, ജീവനക്കാരുടേതല്ലാത്ത കാരണത്താൽ, യോഗ്യതാ പരീക്ഷ പാസ്സാകേണ്ടതില്ല എന്ന വ്യാഖ്യാനം എടുത്ത് സ്ഥാനക്കയറ്റം അനുവദിച്ചവർക്ക് റിവർഷൻ വരാതെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടത് പൊതുതാൽപര്യാർത്ഥം ആവശ്യമാണെന്ന്

| | | | |
|---|---|---|---|
| | | | സർക്കാർ കരുതുകയും, 1962 - ലെ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പി.എസ്.സി. വിജ്ഞാപനം പ്രകാരവും (direct recruitment), ബൈ ട്രാൻസ്ഫർ, ബൈ പ്രൊമോഷൻ മുഖേനയും 30-08-2010 - ന് മുൻപ് ബി.എഫ്.ഒ തസ്തികയിൽ നിയമനം ലഭിച്ചവർക്ക് ടെസ്റ്റ് യോഗ്യതയില്ലാതെ എസ്.എഫ്.ഒ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും, ടെസ്റ്റ് യോഗ്യത ഇല്ലാതെ 30-08-2010-ന് ശേഷം എസ്.എഫ്.ഒ തസ്തികയിലേയ്ക്ക് ഇതിനകം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ സംരക്ഷിക്കുന്നതിനുമായി, എസ്.എഫ്.ഒ. തസ്തികയിൽ സ്ഥാനക്കയറ്റത്തിനായി 2014 - ലെ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന അവശ്യ യോഗ്യതകളായ ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽ നിന്നും കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള സവിശേഷ അധികാരം ഉപയോഗിച്ച് ഇളവ് അനുവദിച്ചു കൊണ്ട് 01-08-2025 - ലെ സ.ഉ(സാധാ)നം.296/2025/വനം പ്രകാരം ഉത്തരവാകുകയും ചെയ്തു.<br><br>01-08-2025 - ലെ സ.ഉ(സാധാ)നം.296/2025/വനം ഉത്തരവിന് അനുസൃതമായി 2014 - ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നിർദിഷ്ട നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ